സർക്കാർ ഉത്തരവുകളിലെ അപാകത പരിഹരിക്കണം

കേരകർഷകർക്കു ലഭ്യമായ നീരയെന്ന നിധിയുടെ കൈവശാവകാശം അഥവാ അതിന്റെ ഉൽപാദന അവകാശം കൈയടക്കാനുള്ള ചില സ്ഥാപിത താത്പര്യക്കാരുടെ നീക്കം ലജ്ജാകരമാണ്

• മിനി മാത്യു

നീരയെന്ന അക്ഷയനിധി അബ്കാരി നിയമത്തിന്റെ തടവറയിൽ നിന്ന് 112 വർഷത്തിനുശേഷം പുറത്തുകൊണ്ടുവന്നത് കർഷക സമൂഹമുൾപ്പെട്ട കേരളജനതയൊന്നാകെ കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രവർത്തിച്ചതിന്റെ ഫലമാണ്. അങ്ങനെയാണ് കേരളം നീരയുടെ രുചിയറിഞ്ഞത്. കേരകർഷക കൂട്ടായ്മയിലെ അംഗങ്ങൾക്ക് അർഹതപ്പെട്ട ഈ നിധിയുടെ കൈവശാവകാശം അഥവാ ഉൽപാദനാവകാശം കൈയക്കാനുള്ള ചില സ്ഥാപിത താത്പര്യക്കാരുടെ നീക്കം തികച്ചും ലജ്ജാകരമാണ്.

കേരളത്തിലെ കേര കർഷകരെ മൂന്നു വർഷത്തെ അക്ഷീണയത്നത്താൽ ഒരുകുടക്കീഴിൽ കൊണ്ടുവരാൻ നാളികേര ബോർഡിനു കഴിഞ്ഞതും അവരുടെ തെങ്ങുകളിൽനിന്നു നീര ഉത്പാദനം സാധ്യമായതും ലോക കർഷക സമൂഹം വിസ്മയത്തോടെയാണ് കാണുന്നത്. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസിന്റെ നേതൃത്വത്തിൽ ഈ ദൗത്യം മുന്നേറുകയുമാണ്. 5200-ൽ പരം നാളികേര ഉൽപാദക സംഘങ്ങളും 266 ഫെഡറേഷനുകളും 12 ഉൽപാദക കമ്പനികളും നാളികേര മേഖലയുടെ സമഗ്ര വികസനത്തിനായി ബോർഡിനു കീഴിൽ ചിട്ടയോടെ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ 42 ലക്ഷം കർഷകരെ കമ്പനികളുടെ കീഴിൽ കൊണ്ടുവന്ന് നീര ഉൽപാദനത്തിലൂടെ ലഭിക്കുന്ന വരുമാനം അവർക്കു പങ്കിട്ടു നൽകുകയും ഒപ്പം നാളികേര മേഖല സമഗ്രമായി വികസിപ്പിക്കുകയുമാണ് ബോർഡിന്റെ ലക്ഷ്യം. സംസ്ഥാന സർക്കാരിന്റെ വിശാലമായ സഹകരണമാണ് ഈ സാഹചര്യത്തിൽ ബോർഡ് പ്രതീക്ഷിക്കുന്നത്.

സർക്കാർ ഉത്തരവുകൾ മാറ്റിമറിച്ച് നിലനിൽപില്ലാത്തതും ഈ മേഖലയുമായി ബന്ധമില്ലാത്തതുമായ സ്ഥാപനങ്ങളെ ഈ രംഗത്തേക്കു കൊണ്ടുവരാൻ ശ്രമിക്കുന്നത് തീർത്തും കർഷകദ്രോഹമാണ്. ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്ത നാളികേര ഫെഡറേഷനുകൾക്കും കമ്പനികൾക്കും നീരയുൽപാദനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർപ്രഖ്യാപിച്ച ധനസഹായം വഴിമാറി ചെലവഴിക്കാനുള്ള തൽപരകക്ഷികളുടെ നീക്കത്തിലേക്കു വിരൽചൂണ്ടുന്ന ചില വസ്തുതകൾ ഈ സാഹചര്യത്തിൽ വ്യക്തമാക്കട്ടെ.

കേരകർഷക കൂട്ടായ്മകൾക്കു നീര ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും അബ്കാരി നിയമത്തിലും ചട്ടങ്ങളിലും അതിനാവശ്യമായ ഭേദഗതി വരുത്തണമെന്നും നാളികേര വികസന ബോർഡ് സംസ്ഥാന സർക്കാരിനോട് ചർച്ചകളിലൂടെയും കത്തുകളിലൂടെയും ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരം സംസ്ഥാന സർക്കാർ 2013 ജനുവരി 15ന് ഇതിനെക്കുറിച്ചു പഠിക്കുന്നതിനായി പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഈ കമ്മിറ്റി 2013 മെയ് 18ന് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഉൽപാദക സംഘങ്ങൾ /ഫെഡറേഷനുകൾ വഴി നീര ഉൽപാദനത്തിനുള്ള സർക്കാർ ഉത്തരവ് (ജി.ഒ. (എം.എസ്) നം.160/13/നികുതി വകുപ്പ്) 2013 സെപ്തംബർ 23ന് പുറപ്പെടുവിക്കുകയും ചെയ്തു. പിന്നീട് സർക്കാർ നിയന്ത്രണത്തിലുള്ള ഏതാനും സ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തി 2014 ഫെബ്രുവരി 14ന് (ജി.ഒ.(പി.)നം: 27/2014/നികുതി വകുപ്പ്) സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. തുടർന്ന് മാർച്ച് രണ്ടിന് കോട്ടയത്തു നടന്ന ചടങ്ങിൽ നീരയും നീരയുൽപന്നങ്ങളും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പുറത്തിറക്കുകയും ചെയ്തു.

കമ്മിറ്റിയുടെ റിപ്പോർട്ടു പ്രകാരം ഇറക്കിയ 2013 സെപ്റ്റംബർ 23 ലെ ഉത്തരവിൽ നീരയുൽപാദനം, വിതരണം എന്നിവ അബ്കാരി നിയമങ്ങൾ അനുസരിച്ച് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലാക്കി നിലവിലെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുക, കള്ളുഷാപ്പുകളിൽ വിൽപന നടക്കാത്തതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റു ജില്ലകളിൽ ഓരോ യൂണിറ്റിനും നീര ഉൽപാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി), ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകുക, കള്ളു ചെത്തു തൊഴിലാളികൾക്കു നീര ചെത്തുന്നതിൽ മുൻഗണന നൽകുക, തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ പരിശീലനം നൽകി നീര ടെക്നീഷ്യൻമാരെ നിയോഗിക്കുക, ഇവരെയും കമ്പനിയിൽ അംഗങ്ങളാക്കുക, കള്ളുഷാപ്പുകളിൽ നീര വിൽപന നിരോധിക്കുക. നീര-ടോഡി ബോർഡ് രൂപീകരിക്കുക എന്നീ ശുപാർശകളുണ്ടായിരുന്നു.

എന്നാൽ പിന്നീട് ഫെബ്രുവരി രണ്ടിനും മെയ് 13 നും പുതുക്കിയ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ചില സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തുകയും ചില നിബന്ധനകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നീര ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കേരള കാർഷിക സർവകലാശാല, ബോണ ഫൈഡ് ജാഗറി ഉൽപാദകർ, കേരള സ്റ്റേറ്റ് ബവ്റിജസ് കോർപറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, നാളികേര വികസന കോർപറേഷൻ എന്നിവയെക്കൂടി വ്യവസ്ഥകൾക്കു വിധേയമായി അധികാരപ്പെടുത്തുന്നതായാണ് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്ത് ഉത്തരവു പുറപ്പെടുവിച്ചത്.

യോഗ്യതയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിലുള്ള കർഷകരുടെ 173 സൊസൈറ്റികളിൽ 15 സൊസൈറ്റികൾക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്നും ബാക്കി സൊസൈറ്റികൾക്ക് ആവശ്യാനുസരണം ലൈസൻസ് നൽകുന്നതിനു നടപടി എക്സൈസ് വകുപ്പ് സ്വീകരിക്കേണ്ടതാണെന്നുമുള്ള പരാമർശവുമുണ്ടായി. കർഷകരുടെ ത്രിതല കൂട്ടായ്മകളുടെ ഘടനയും പ്രവർത്തനങ്ങളും പഠിക്കാതെയും മനസ്സിലാക്കാതെയുമുള്ളതാണ് ഈ പരാമർശം.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു 2013-14 സംസ്ഥാന ബജറ്റിൽ 15 കോടി രൂപ വകയിരുത്തുന്നതായി ധനമന്ത്രി കെ.എം.മാണി പ്രഖ്യാപിക്കുകയുണ്ടായി. ഈ തുക കേര കർഷക കൂട്ടായ്മകളുടെ അപെക്സ് ബോഡിയായ കമ്പനികൾക്ക് നീര ഉൽപാദനത്തിനായി നൽകുമെന്ന് നീര പുറത്തിറക്കിയ ചടങ്ങിൽ മുഖ്യ

മന്ത്രി ഉമ്മൻചാണ്ടിയും അറിയിച്ചു. ഉൽപാദക കൂട്ടായ്മകളുടെ അപെക്സ് ബോഡിയായ 173 ഫെഡറേഷനുകൾക്കു ലൈസൻസ് നൽകുമെന്നും അതേ ചടങ്ങിൽ പ്രഖ്യാപനമുണ്ടായി. തുടർന്ന്, ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്ത കേരളത്തിലെ 12 കമ്പനികളും നീര ഉൽപാദനത്തിനുള്ള സീഡ് മണിയായി ഈ ധനസഹായം ഉടൻ ലഭിക്കുമെന്ന പ്രതീക്ഷയിൽ മുന്നോട്ടു പോയി. ലൈസൻസ് ഉടൻ ലഭിക്കുമെന്നു ഫെഡറേഷനുകളും പ്രതീക്ഷിച്ചു. എന്നാൽ നാളിതുവരെ നീര ഉത്പാദനത്തിനു ലൈസൻസ് ലഭിച്ചിട്ടുള്ളത് 60 ഫെഡറേഷനുകൾക്കു മാത്രമാണ്. ഈ പശ്ചാത്തലത്തിലാണ് 2014 മെയ് 13-ന് പുറപ്പെടുവിച്ച ഉത്തരവിലെ (ജി.ഒ.(എം.എസ്) നം.66/2014/നികുതി വകുപ്പ്) 173 സൊസൈറ്റികൾക്ക് ലൈസൻസ് നൽകുമെന്ന പരാമർശം പ്രസക്തമാകുന്നത്.

യഥാർത്ഥത്തിൽ സൊസൈറ്റികൾ എന്നല്ല ഫെഡറേഷനുകൾ എന്നാണ് ഉത്തരവിൽ വരേണ്ടിയിരുന്നത്. 15 സൊസൈറ്റികൾക്കു മാത്രം ലൈസൻസ് നൽകി എന്നത് 15 ഫെഡറേഷനുകൾക്ക് എന്നും തിരുത്തേണ്ടതുണ്ട്. കുറഞ്ഞത് 10 സൊസൈറ്റികൾ ചേർന്നാണ് ഒരു ഫെഡറേഷൻ ഉണ്ടാകുന്നത്. അതിനാൽ ഉത്തരവിലെ സൊസൈറ്റി എന്നത് ഫെഡറേഷൻ എന്നു ഭേദഗതി ചെയ്യണം. ഫെഡറേഷനുകൾ ലൈസൻസിനു സമീപിക്കുമ്പോൾ ഈ സാങ്കേതിക തടസ്സം ചൂണ്ടിക്കാട്ടി അതു നിഷേധിക്കുന്ന സാഹചര്യത്തിൽ ഈ തിരുത്ത് അനിവാര്യമാണ്.

സാങ്കേതികവിദ്യാവികസനത്തിനും വിപണനത്തിനും പിന്തുണ നൽകുന്നത് ബോർഡിന്റെതന്നെ വാഴക്കുളത്തുള്ള സിഐടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നീരയുൽപാദന, സംസ്കരണ ഗവേഷണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതു കളമശ്ശേരി എസ്സിഎംഎസുമാണ്. എന്നാൽ നീര സംസ്കരണത്തിനു നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ, സിഎഫ്ടിആർഐ, സിപിസിആർഐ, എസ്സിഎംഎസ്, കേരള കാർഷിക സർവകലാശാല എന്നിവ വികസിപ്പിച്ച സാങ്കേതികവിദ്യകളിൽ ഏതും കമ്പനികൾക്കു സ്വീകരിക്കാമെന്നാണ് ബോർഡിന്റെ നിലപാട്.

നീരയുടെ വരുമാനം സംബന്ധിച്ച് തുടക്കത്തിൽ ബോർഡ് അവതരിപ്പിച്ച കണക്കിനെയും കടത്തിവെട്ടുന്ന പ്രതിഫലമാണ് പാലക്കാട്, കൊല്ലം ജില്ലകളിലെ ഉൽപാദക കമ്പനികൾ കർഷകർക്കും നീര ടെക്നീഷ്യന്മാർക്കും വിതരണം ചെയ്തത് സംസ്ഥാനത്തെ വ്യവസായ വമ്പന്മാരെവരെ ഞെട്ടിച്ചിരിക്കുന്നു. ഈ കണക്കുകൾ കേരളത്തിലെ കർഷകന്, നീരയുടെ വൻ പ്രചാരകരായ ഫിലിപ്പീൻസ് കർഷകരെക്കാളും കൂടുതൽ വരുമാനം ലഭിക്കുന്ന അവസ്ഥയാണ്.

പ്രതിദിനം 10,000 ലിറ്റർ നീര ഉൽപാദിപ്പിക്കുന്നതിനാണ് നാളികേര ബോർഡിൽ പ്രൊജക്ടുകൾ സമർപ്പിച്ച കമ്പനികൾ ലക്ഷ്യമിട്ടിരിക്കുന്നത്. നീരയെന്ന സ്വപ്നം യാഥാർഥ്യമായി വിപണിയിലെത്തുന്ന ഈ ഘട്ടത്തിൽ സർക്കാർ ഉത്തരവുകളിലെ പാകപ്പിഴകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകുന്നതിൽ വരുന്ന കാലതാമസം കമ്പനികളുടെ നീര ഉൽപാദനത്തെ പ്രതിസന്ധിയിലാക്കുന്ന സാഹചര്യമാണുള്ളത്. ഇതും ഉടൻ പരിഹരിക്കണം. കേരളത്തിലെ കർഷക കമ്പനികൾക്ക്ആഗോളതലത്തിൽ നീര വിപണി പിടിച്ചെടുക്കുന്നതിനും അതുവഴി കേരകർഷകനും നീര ടെക്നീഷ്യനും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനുമുള്ള സുവർണാവസരം നമ്മൾ നഷ്ടപ്പെടുത്തരുത്. അങ്ങനെ സംഭവിച്ചാൽ കേരകർഷകനെയും തെങ്ങുകൃഷിയെയും രക്ഷിക്കാനുള്ള അവസാന അവസരമാകും നാം കൈവിട്ടുകളയുന്നത്.

വിലാസം: പബ്ളിസിറ്റി ഓഫിസർ, നാളികേര വികസന ബോർഡ്, കൊച്ചി.